REAL RETURNS

Investing options to beat inflation

Here is a guide on how to manage your portfolio as the global economy revives

AARATI KRISHNAN

With inflation in the doldrums between 2014 and 2020, Indian investors did not have to worry about whether they were investing in asset classes that fetched them a good real return (return over and above inflation).

But this is set to change, with sticky global inflation re-emerging, driven by a range of commodities from copper to cooking oil to steel.

Though RBI/MPC have been hoping that the spike in India's CPI (Consumer Price Index) will be fleeting, it has proved stubborn averaging 6 per cent in the last twelve months.

So, if a resurgent global economy does trigger a high inflation phase, which assets should you own more of, to earn inflation-beating returns? Instead of relying on theory, we decided to rely on past data to find answers.

India encountered a long stretch of high CPI inflation averaging 10.4 per cent in the five year period from January 1 2009 to January 1 2014 and we ran returns on different assets to find the following.


GETTY IMAGES/ISTOCKPHOTO

Bonds, FDs?

When inflation is on the rise, central banks usually raise policy rates to quell it. This makes it a bad time to own bonds, as rising rates lead to declining bond prices.

With the Indian economy in shambles post-Covid, RBI/MPC may be late in hiking their rates in response to inflation today.

But even if policy rates do not rise in a hurry, market interest rates (such as the 10-year g-sec yield) can spike if inflation is perceived to be sticky.

Had you held Indian government securities (proxied by the CCIL All Sovereign Bond Index) during the period from 2009 to 2014, you would have earned just a 3.2 per cent CAGR, a significant negative real return.

If you believe that high inflation is here to stay, it would be best to stay off long-term g-secs and long-dated corporate bonds.

Bank FD rates are usually a little higher than sovereign bond rates, but not enough to beat inflation.

This time around, with policy actions likely to be delayed, bank FD rates may not keep up with inflation.

RBI data on deposit rates of banks for 1 year periods, shows that in the 2009 to 2014 period, bank FDs returned a healthy 8.6 per cent, but this still lagged CPI inflation of 10.4 per cent. Today bank FD rates are scraping 5-6 per cent. They are unlikely to deliver real returns, should inflation spike.

Equities

Equities are said to be the best asset class for inflation-beating returns, based on the textbook premise that in the long run, stocks must deliver a return premium over bonds to compensate for higher risk.

While this may be true over 10-year plus holding periods, over shorter times, stock performance need not keep up with inflation rates.

Stock prices track earnings growth. Rising prices of industrial inputs such as petrochemicals, chemicals and industrial metals can hurt the profitability of companies using these inputs unless they are able to pass them on in full to their customers.

Given the weak demand outlook after the Covid second wave, Indian companies in a majority of commodity-using sectors are likely to see some profit impact from rising input costs. Commodity-mining or processing companies however, could enjoy windfall profits.

In a high-inflation scenario, selective bets on stocks of commodity processors may pay off better than those of commodity users.

In a recent India Strategy report, Motilal Oswal found that while 11 of the Nifty companies benefit from rising commodity prices, 13 are adversely impacted and the rest tend to be neutral.

A high inflation scenario may call for reducing bets on auto, FMCG, consumer durable companies while raising them on steel, cement and upstream oil plays.

Small and mid-sized companies may enjoy lower pricing power and may be more hurt by input inflation than industry leaders.

However, commodity companies by virtue of sheer size tend to dominate Nifty earnings, by contributing 36 per cent of the profit pool.

In the inflationary period from 2009 to 2014, the Nifty50 Total Returns Index and Nifty500 Total Returns Index managed a 17 per cent CAGR, easily beating the 10.4 per cent inflation rate.

But equity performance then was underpinned by a low starting point. In 2009, after a big bear market, Indian stocks traded at low valuations (Nifty50 PE was 13.3 in January 2009). Today, market valuations are at record levels of 29 times (Nifty50) after a multi-year bull market.

This makes high real returns from equities as a class less certain. A selective approach of betting on commodity-makers or companies with pricing power, may work better.

One of the viable routes to acquire such exposure is to invest in thematic commodity equity funds.

Commodity funds with an international flavour, which offer dual exposure to global commodity giants and the US dollar, have in the past proved good bets in inflationary times.

In the 2009-2014 period, Aditya Birla Sun Life Global Commodity Equities Fund- Agri Plan managed a 14.4 per cent CAGR.

Gold

Gold is supposed to be a classic inflation hedge. But gold for Indian investors hasn't always kept pace with inflation on a year-to-year basis. Broadly though, inflationary trends globally do spark investor interest in gold. For Indian investors, periods of global crisis or commodity price surges are usually accompanied by Rupee depreciation.

With these twin tailwinds, high inflation years from 2009 to 2014 did prove bumper years for Indian gold investors. Gold ETFs delivered a 13.2 per cent CAGR.

Raising gold allocations is therefore a good idea if you believe in the return of inflation.

How different assets fared



*CAGR between Jan 1, 2009 and Jan 1, 2014

PRICING POWER

In a high-inflation scenario, selective bets on stocks of commodity processors may pay off better

Scan & Share

Interest rates on home loans (%)

Institution	Loan amount: Under ₹30 lakh	₹30 to 75 lakh	Over ₹75 lakh
BANKS (Floating rates)			
Axis Bank	6.90-8.55	6.90-8.55	6.90-8.55
Bank of Baroda	6.75-8.6	6.75-8.6	6.75-8.6
Bank of India	6.85-8.35	6.85-8.35	6.85-8.35
Bank of Maharashtra	6.90-8.40	6.90-8.40	6.90-8.40
Canara Bank	6.9-8.9	6.9-8.9	6.9-8.9
Central Bank	6.85-7.30	6.85-7.30	6.85-7.30
Federal Bank	7.65- 7.70	7.65- 7.75	7.70- 7.80
HDFC Bank	6.75-7.50	6.75-7.75	7.00-7.85
ICICI Bank	6.75-7.3	6.75-7.45	7.00- 7.55
Indian Bank	7.0-7.15	7.0-7.25	7.1-7.4
IOB	7.05	7.05-7.15	7.15-7.3
Kotak Mahindra Bank	6.65-7.30	6.65-7.30	6.65-7.30
Punjab National Bank	6.8-7.6	6.8-7.75	6.8-7.85
State Bank of India	6.70 - 7.15	6.70 - 7.30	6.95 - 7.40
South Indian Bank	7.95-9.45	7.95-9.45	7.95-9.45
Union Bank of India	6.8-7.35	6.8-7.4	6.9-7.4
HOUSING FINANCE COMPANIES (Floating rates)			
PNB Housing	7.35- 9.35	7.35- 9.55	7.70- 9.55
HDFC	6.75-7.65	6.75-7.90	7.0-8.0
Bajaj Finserv	≥6.75	≥6.75	≥6.75
GIC Housing Finance	≥7.45	≥7.45	≥7.45
Sundaram Home Finance	≥7.85	≥7.85	≥7.85
LIC Housing Finance	6.9-7.60	6.9-7.80	6.9-7.90

Note: Rates that vary with tenures within the specified loan amounts are indicated as a range. Fixed interest rates may be subject to a revision after a specified tenure. Rates may also apply only for a definite period and change to floating thereafter. Data taken from respective bank's website as on June 18, 2021. Contributed by BankBazaar.com, an online marketplace for comparing loans and insurance products.

ALERTS

NASDAQ 100 ETF split



Motilal Oswal Asset Management has announced a split in the face value of each unit of Motilal Oswal NASDAQ 100 ETF from existing ₹10 to revised ₹ 1. The ex-date and record date for the split is set as June 17, and June 18 respectively. The balance unit holding of the existing unit holders under the scheme as per records of the depositories as on June 18, will increase proportionately. However, this will not impact the current value of holdings of investors..

Low-cost PMS basket

Myalternates, a platform for alternate investments , has announced a partnership with smallcase Technologies, to offer stocks curated by SEBI-registered portfolio managers such as Piper Serica, Green Portfolio, and Credent Asset Management. The portfolios are based on various strategies such as quantitative, growth, quality, dividend etc.

Myalternates users can invest in the stock baskets with brokers such as Angel Broking, Axis, HDFC, Zerodha etc.

O/D facility against FD

Jana Small Finance Bank is extending Overdraft (O/D) facility against FD. The interest rate on this facility is 0.25 percentage points over and above the FD rate with a utilisation of 50 per cent or more. Up to 90 per cent of the FD value can be availed as O/D. The special pricing will be available to its existing customers till December 31, 2021 and the customers are requested to apply before June 30, 2021 for the same.

Applicable rates of interest on FDs will continue.



● മുന്നറിയിപ്പുമായി എയിംസ് മേധാവി

മൂന്നാംതരംഗം 6-8 ആഴ്ച അരികെ



ന്യൂഡൽഹി: രാജ്യത്തു കോവിഡ് മൂന്നാംതരംഗം 6-8 ആഴ്ചയ്ക്കിടെ ആഞ്ഞടിച്ചേക്കുമെന്ന് ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് (എയിംസ്) മേധാവി ഡോ. രൺദീപ് ഗുലേറിയ.

രണ്ടാംതരംഗത്തെത്തുടർന്ന് വിവിധ സംസ്ഥാനങ്ങളിൽ ഏർപ്പെടുത്തിയിരുന്ന ലോക്ക്ഡൗൺ പിൻവലിച്ചുതുടങ്ങുന്ന ഘട്ടത്തിലാണ് എയിംസിന്റെ മുന്നറിയിപ്പ്. മൂന്നാംതരംഗം ഒഴിവാക്കാനാവില്ല. വാക്സിനേഷൻ പൂർത്തീകരണമാണു രാജ്യം നേരിടുന്ന വൻവെല്ലുവിളി. കോവിഷീൽഡിന്റെ രണ്ട് ഡോസുകൾക്കിടയിലുള്ള ദൈർഘ്യത്തിൽ അപാകതയില്ലെന്നും കൂടുതൽ പേരിൽ ആദ്യഡോസ് എത്തിക്കാൻ ഇതു സഹായകമാകുമെന്നും ഡോ. രൺദീപ് പറഞ്ഞു.

വൈറസിന്റെ ഡെൽറ്റ പ്ലസ് വകഭേദത്തെക്കുറിച്ചു കൂടുതൽ പഠനമാവശ്യമാണ്. മൂന്നാംതരംഗം മുന്നിലുള്ളപ്പോൾ രോഗപ്രതിരോധത്തിൽ രാജ്യം പുതിയൊരു പോർമുഖംതന്നെ തുറക്കണം. മികച്ച ലബോറട്ടറി ശൃംഖലയുണ്ടാകണം. മോണോക്ലോണൽ ആന്റിബോഡി ചികിത്സ സംബന്ധിച്ച് ആശങ്കയുയർത്തുന്നതാണു വൈറസിന്റെ ഡെൽറ്റ പ്ലസ് വകഭേദം.

രാജ്യത്ത് ലോക്ക്ഡൗൺ നിയന്ത്രണങ്ങൾ നീക്കിത്തുടങ്ങിയതോടെ കോവിഡിനെതിരായ ജാഗ്രതയിൽ വീണ്ടും ഉദാസീനതയ്ക്കു സാധ്യതയുണ്ട്. ഒന്നാംതരംഗത്തിനും രണ്ടാംതരംഗത്തിനും മധ്യേ സംഭവിച്ചതിൽനിന്നു നാം പാഠം പഠിച്ചിട്ടില്ലെന്നാണു മനസിലാകുന്നതെന്നും ഡോ. രൺദീപ് ചൂണ്ടിക്കാട്ടി. വീണ്ടും ജനക്കൂട്ടങ്ങൾ പ്രത്യക്ഷപ്പെട്ടുതുടങ്ങിയിരിക്കുന്നു. മൂന്നാംതരംഗത്തിൽ കോവിഡ് കേസുകൾ ഉയരാൻ കുറച്ചു സമയമെടുത്തേക്കും. എന്തായാലും അത് അനിവാര്യമാണ്. അടുത്ത 6-8 ആഴ്ചയിലോ അൽപ്പംകൂടി വൈകിയോ മൂന്നാംതരംഗം പ്രത്യക്ഷപ്പെട്ടുതുടങ്ങും. ജനക്കൂട്ടം നിയന്ത്രിക്കുന്നതിനെയും കോവിഡ് മാനദണ്ഡങ്ങൾ പാലിക്കുന്നതിനെയും ആശ്രയിച്ചാകും കാലദൈർഘ്യം.

● ലോക്ക്ഡൗൺ ഇളവുകൾ ആശങ്കാജനകം

■ ഡോ. രൺദീപ് ഗുലേറിയ

രാജ്യത്തെ ജനസംഖ്യയിൽ 5 % പേർക്കു മാത്രമാണു രണ്ട് ഡോസ് വാക്സിൻ ലഭിച്ചത്. 130 കോടി ജനങ്ങളിൽ 108 കോടിക്കെങ്കിലും ഈവർഷം അവസാനത്തോടെ വാക്സിൻ ലഭ്യമാക്കാനാണു കേന്ദ്രസർക്കാർ ലക്ഷ്യമിടുന്നത്. അത്യന്തമായൊരുണ് ഏറ്റവും വലിയ വെല്ലുവിളി. ഒരു പുതിയതരംഗം കുറഞ്ഞതു മൂന്നുമാസമെങ്കിലും നീണ്ടുനിൽക്കും.

കോവിഡ് മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നതനുസരിച്ച് ദൈർഘ്യത്തിൽ ഏറ്റക്കുറച്ചിലുണ്ടാകാം. ഏറ്റവുമൊടുവിൽ കണ്ടെത്തിയ വൈറസ് വകഭേദം രാജ്യത്തിനു പുറത്തുനിന്നെത്തി, ഇവിടെ വികാസം പ്രാപിച്ചതാണ്. അതു വൻതോതിൽ രോഗവ്യാപനത്തിനു കാരണമായി. വൈറസിന്റെ ജനിതകമാറ്റം തുടർപ്രക്രിയയായതിനാൽ ഹോട്ട്സ്പോട്ടുകൾ കണ്ടെത്തി നിരീക്ഷണം ശക്തമാക്കണം. രാജ്യത്തു ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് അഞ്ച് ശതമാനത്തിനുമേലുള്ള എല്ലാ മേഖലയിലും മിനി ലോക്ക്ഡൗൺ ആവശ്യമാണ്. വാക്സിൻ ലഭിക്കാത്തവരിലെല്ലാം വരുംമാസങ്ങളിൽ രോഗബാധയ്ക്കു സാധ്യതയേറും.

ഡെൽറ്റാ വകഭേദം പടരുന്ന ബ്രിട്ടൻ മൂന്നാംതരംഗത്തെ അഭിമുഖീകരിക്കുകയാണ്. ഇന്ത്യയിൽ ആദ്യം തിരിച്ചറിഞ്ഞ അതിതീവ്രവ്യാപനശേഷിയുള്ള വകഭേദമാണിപ്പോൾ ബ്രിട്ടനിലെ 99 % കേസുകൾക്കും കാരണം.

തരംഗങ്ങൾക്കിടയിലെ ദൈർഘ്യം കുറയുന്നത് ആശങ്കാജനകമാണ്. ഇന്ത്യയിലെ ആദ്യതരംഗത്തിൽ വൈറസ് വ്യാപനം തീവ്രമായിരുന്നില്ല. എന്നാൽ, രണ്ടാംതരംഗത്തിൽ കാര്യങ്ങൾ മാറിമറിഞ്ഞു.

ഇപ്പോഴത്തെ ഡെൽറ്റാ വകഭേദം അതിവ്യാപനശേഷിയുള്ളതാണ്. മഹാരാഷ്ട്രയിൽ മാത്രം മൂന്നാംതരംഗം എട്ടുലക്ഷം പേരെയെങ്കിലും ബാധിക്കുമെന്നാണു കണക്കുകൂട്ടുന്നത്. നിലവിൽ ആ സംസ്ഥാനത്തെ കോവിഡ് കേസുകൾ 1.4 ലക്ഷമാണ്. വാക്സിനേഷന്റെ രണ്ട് ഡോസുകൾക്കിടയിലുള്ള ദൈർഘ്യം കണക്കാക്കേണ്ടതു വാക്സിൻ ലഭ്യതയുടെ അടിസ്ഥാനത്തിലാകരുത്. തീരുമാനങ്ങൾ ശാസ്ത്രീയമാകണമെന്നും ഡോ. രൺദീപ് പറഞ്ഞു. ആസ്ട്രാസെനക (ഇന്ത്യയിൽ കോവിഷീൽഡ്), ഫൈസർ വാക്സിനുകളുടെ കാര്യത്തിൽ ബ്രിട്ടൻ ഒറ്റഡോസ് നയം കൈക്കൊണ്ടു. കൂടുതൽപേർക്കു സംരക്ഷണം ലഭ്യമാക്കുമെന്നതിനാൽ അതിൽ തെറ്റില്ലെന്നും അദ്ദേഹം പറഞ്ഞു.

അളിയനാരാ മോൻ, പോലീസല്ലേ

തനിക്ക് പകരം അളിയനെ ജോലിക്കയച്ച് പോലീസ് കോൺസ്റ്റബിൾ!

ലഖ്നൗ: തനിക്ക് പകരം ഭാര്യാസഹോദരനെ(അളിയനെ) ജോലിക്ക് അയച്ച് പോലീസുകാരൻ! യു.പി. മൊറാദാബാദിലെ താക്കൂർദ്വാര പോലീസ് സ്റ്റേഷനിലേക്ക് സ്ഥലംമാറ്റം ലഭിച്ച കോൺസ്റ്റബിൾ അനിൽകുമാറാണ് തനിക്ക് പകരം ഭാര്യാസഹോദരനെ ജോലിക്കയച്ച് ആൾമാറാട്ടം നടത്തിയത്.

സിനിമയെ വെല്ലുന്ന സംഭവത്തിൽ രഹസ്യമായി അന്വേഷണം നടത്തിയ മുതിർന്ന പോലീസ് ഉദ്യോഗസ്ഥർ ആൾമാറാട്ടം സ്ഥിരീകരിച്ചതോടെ അനിൽകുമാറിനെ കസ്റ്റഡിയിലെടുത്തു. അതേസമയം, ഇയാൾക്ക് പകരം സേനയിൽ ജോലി ചെയ്ത ഭാര്യാസഹോദരൻ അനിൽസോണി ഒളിവിലാണ്. പ്രൈമറി സ്കൂൾ അധ്യാപകനായി ലഭിച്ച ജോലി സ്വീകരിക്കാതെയാണ് അനിൽകുമാർ ആരും സംശയിക്കാത്ത വഴിയിലൂടെ ആൾമാറാട്ടം ആസൂത്രണം ചെയ്തത്. തട്ടിപ്പ് അഞ്ചു വർഷത്തോളം തുടർന്നു.

2012 ലാണ് മുസഫർനഗറിലെ കത്തൗളി സ്വദേശിയായ അനിൽകുമാർ ജോലിയിൽ പ്രവേശിക്കുന്നത്. 2011 ൽ ബയ്റേലിയിലും 2012 ൽ തന്നെ മീററ്റിലും നടന്ന റിക്രൂട്ട്മെന്റുകളിൽ ഇയാൾ പരാജയപ്പെട്ടിരുന്നു. പിന്നീട് ഗോരഖ്പൂരിൽ നടന്ന റിക്രൂട്ട്മെന്റിൽ സേനയിലേക്കു തെരഞ്ഞെടുക്കപ്പെട്ടു. പരിശീലനശേഷം ബറേലിയിലായിരുന്നു ആദ്യ പോസ്റ്റിങ്. പിന്നീട് മൊറാദാബാദിലേക്ക് സ്ഥലംമാറ്റി. ഇതോടെയാണ് ഭാര്യാസഹോദരനുമായി ചേർന്ന് അനിൽകുമാർ ആൾമാറാട്ടം നടത്തിയത്.

അനിൽകുമാറിന് പകരം അദ്ദേഹത്തിന്റെ പേരിൽ മൊറാദാബാദിൽ അനിൽ സോണിയാണ് ജോലിക്ക് ഹാജരായത്. ബയ്റേലിയിൽനിന്നുള്ള സ്ഥലംമാറ്റ ഉത്തരവുമായി എത്തിയ വ്യാജനെ ഉദ്യോഗസ്ഥർ തിരിച്ചറിഞ്ഞില്ല. ഫോട്ടോയിലെ വ്യത്യാസം തുടക്കത്തിൽ ശ്രദ്ധയിൽപ്പെട്ടെങ്കിലും പിന്നീട് ഇതിൽ നടപടിയൊന്നുമുണ്ടായില്ല.

ജോലിയിൽ പ്രവേശിക്കുന്നതിൽ മുമ്പ് അനിൽകുമാർ ഭാര്യാസഹോദരന് ആവശ്യമായ പരിശീലനങ്ങൾ നൽകിയിരുന്നു. പോലീസ് പരിശീലനകാലത്തെ വിവിധ അഭ്യാസങ്ങളും തോക്ക് ഉപയോഗിക്കേണ്ടവിധവും സല്യൂട്ട് ചെയ്യേണ്ട രീതിയുമടക്കം പഠിപ്പിച്ചിരുന്നു. തുടർന്നു ജോലിയിൽ പ്രവേശിച്ച അനിൽസോണി, അനിൽകുമാറെന്ന പേരിൽ ജോലി ചെയ്തു. അനിൽകുമാറാകട്ടെ ഈ അവസരത്തിൽ അധ്യാപക വൃത്തിയിലേക്കു തിരിഞ്ഞു. ഇതിനിടെ, അനിൽസോണിക്ക് സേനയിൽനിന്ന് തോക്കും അനുവദിച്ചിരുന്നു. ആർക്കും സംശയത്തിനിടനൽകാതെ ജോലി തുടരുന്നതിനിടെയാണ് തട്ടിപ്പ് സംബന്ധിച്ച് പോലീസിന് രഹസ്യവിവരം ലഭിച്ചത്.

നിലവിൽ ജോലിചെയ്യുന്നത് യഥാർഥ അനിൽകുമാർ അല്ലെന്ന വിവരം ലഭിച്ചതോടെ മുതിർന്ന ഉദ്യോഗസ്ഥർ തന്നെ രഹസ്യമായി അന്വേഷണം നടത്തി. തുടർന്ന് ആൾമാറാട്ടം സ്ഥിരീകരിച്ചതോടെ അനിൽകുമാറിനെ കസ്റ്റഡിയിലെടുക്കുകയായിരുന്നു. സേനയിൽനിന്ന് ആരെങ്കിലും ആൾമാറാട്ടത്തിന് സഹായം നൽകിയിട്ടുണ്ടെങ്കിൽ അവർക്കെതിരേയും നടപടി സ്വീകരിക്കുമെന്ന് പോലീസ് ഉദ്യോഗസ്ഥർ അറിയിച്ചിട്ടുണ്ട്.

ഇബ്രാഹിം റെയ്സി ഇറാൻ പ്രസിഡന്റ്

ടെഹ്റാൻ: തീവ്രയാഥാസ്ഥിതിക നിലപാടുകാരനും ഇറാൻ ചീഫ് ജസ്റ്റിസുമായ ഇബ്രാഹിം റെയ്സി പുതിയ ഇറാൻ പ്രസിഡന്റ്. ഒട്ടുമിക്ക രാഷ്ട്രീയ അതികായന്മാരും പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിൽനിന്ന് വിലക്കപ്പെട്ടതിനാൽ ഏറെക്കുറെ പ്രവചിക്കപ്പെട്ട മത്സരമായിരുന്നു ഇത്. വെള്ളിയാഴ്ച നടന്ന തെരഞ്ഞെടുപ്പിലെ 90 ശതമാനം വോട്ടുകൾ എണ്ണിക്കഴിഞ്ഞപ്പോൾ റെയ്സി 62 ശതമാനം വോട്ടുകൾ നേടി.

തുടർച്ചയായി രണ്ടു തവണ അധികാരത്തിലിരുന്ന നിലവിലെ പ്രസിഡന്റും മിതവാദിയുമായ ഹസൻ റൂഹാനി താൻ ജനങ്ങളുടെ തെരഞ്ഞെടുപ്പിനെ അഭിനന്ദിക്കുന്നതായി വ്യക്തമാക്കി. 60 വയസുകാരനായ റെയ്സി ഇറാന്റെ പരമോന്നത നേതാവ് ആയത്തൊള്ള അലി ഖമനേയിയുടെ വിശ്വസ്തനായാണ്. റെയ്സി, ഖമനേയിയുടെ പിൻഗാമിയായേക്കുമെന്നും കണക്കാക്കപ്പെടുന്നുണ്ട്.

വോട്ടിൽ 50 ശതമാനത്തിലും കുറയുമെന്ന ആശങ്കയിൽ വെള്ളിയാഴ്ച വോട്ടിങ് ദിനത്തിൽ രണ്ടുമണിക്കൂർ കൂടി സമയം അനുവദിച്ചിരുന്നു. 40 സ്ത്രീകൾ ഉൾപ്പെടെ 600 സ്ഥാനാർഥികൾ ഏഴുപേരായി ചുരുക്കപ്പെട്ടതോടെ നിരവധി വോട്ടർമാർ വോട്ടെടുപ്പിൽനിന്ന് വിട്ടുനിന്നിരുന്നു. ഇവരിൽനിന്ന് മൂന്നുപേർ വെള്ളിയാഴ്ചത്തെ തെരഞ്ഞെടുപ്പിനു മുമ്പേ പിന്മാറ്റം പ്രഖ്യാപിച്ചിരുന്നു. ഗാർഡിയൻ കൗൺസിൽ ഓഫ് ക്ലറിക്സ് ആൻഡ് ജൂറിസ്റ്റ് തെരഞ്ഞെടുപ്പിൽനിന്നു വിലക്കിയ മുൻ പ്രസിഡന്റ് മഹമൂദ് അഹമ്മദി നെജാദ് ഈ പാപത്തിൽ പങ്കാളിയാകാൻ താനില്ലെന്നു പരസ്യമായി പറഞ്ഞ് വോട്ടെടുപ്പിൽനിന്ന് വിട്ടുനിന്നിരുന്നു.

2015 ൽ ഇറാൻ വൻ ശക്തികളുമായുണ്ടാക്കിയ ആണവ കരാറിൽനിന്നു 2018 ൽ യു.എസ്. പ്രസിഡന്റ് ഡോണൾഡ് ട്രംപ് പിന്മാറിയിരുന്നു. കരാറിൽനിന്നു പിൻവാങ്ങണമെന്ന വാദത്തോടെയാണു തീവ്രപക്ഷം തിരഞ്ഞെടുപ്പിൽ മത്സരിച്ചത്. അതിനിടെ, റെയ്സിക്കെതിരേ അന്വേഷണം ആവശ്യപ്പെട്ട് മനുഷ്യാവകാശ സംഘടനയായ ആംനെസ്റ്റി ഇന്റർനാഷണൽ രംഗത്തുവന്നു. മനുഷ്യരാശിക്കെതിരായ കുറ്റകൃത്യങ്ങളിൽ റെയ്സിക്കുള്ള പങ്ക് അന്വേഷിക്കണമെന്നാണ് ആവശ്യം.

1988 ൽ അരങ്ങേറിയ മാർക്സിസ്റ്റുകൾ ഉൾപ്പെടെയുള്ള ഇടതുപക്ഷക്കാരുടെ കൂട്ടക്കൊലയിൽ ടെഹ്റാനിലെ വിപ്ലവ കോടതി ഡെപ്യൂട്ടി പ്രോസിക്യൂട്ടറായിരുന്ന റെയ്സിക്കു പങ്കുണ്ടെന്ന് ആരോപണം. മുൻപും ഇത്തരം ആരോപണം നിഷേധിച്ചിട്ടുള്ള റെയ്സി, പക്ഷേ ഇസ്ലാമിക വിപ്ലവത്തിന്റെ ശത്രുക്കൾക്കെതിരേ പരമോന്നത നേതാവായിരുന്ന ആയത്തൊള്ള റൂഹുള്ള ഖമനേയി പുറപ്പെടുവിച്ച ഫത്വയെ എക്കാലത്തും ന്യായീകരിച്ചിരുന്നു.

മിനിമം വേതന നിർണയം വൈകിക്കാൻ നീക്കമില്ലെന്നു കേന്ദ്രം

ന്യൂഡൽഹി: രാജ്യത്ത് കുറഞ്ഞ വേതനം നിശ്ചയിക്കാനുള്ള വിദഗ്ധസമിതി എത്രയും വേഗം റിപ്പോർട്ട് സമർപ്പിക്കുമെന്നു കേന്ദ്രതൊഴിൽമന്ത്രാലയം. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇക്കണോമിക് ഗ്രോത്ത് ഡയറക്ടർ പ്രഫ. അജിത് മിശ്രയുടെ നേതൃത്വത്തിലാണു സമിതി. കുറഞ്ഞവേതനം നിശ്ചയിക്കാനുള്ള നടപടി വൈകിക്കാൻ നീക്കമുണ്ടെന്ന മാധ്യമവാർത്തകളും അഭ്യൂഹങ്ങളും അടിസ്ഥാനരഹിതമാണെന്നു മന്ത്രാലയം വ്യക്തമാക്കി. വിദഗ്ധസമിതിയുടെ കാലാവധി മൂന്നുവർഷമാണ്.

മികച്ച രാജ്യാന്തരമാതൃകകൾ വിലയിരുത്തി, ശാസ്ത്രീയ മാനദണ്ഡങ്ങളിലൂടെയാകും വേതനനിർണയം. സമിതിയുടെ ആദ്യയോഗം കഴിഞ്ഞ 14-നു നടന്നു. അടുത്തയോഗം 29-ന്. തരിക ചക്രബർത്തി (ഐ.ഐ.എം., കൊൽക്കത്ത), അനുശ്രീ സിൻഹ (എൻ.സി.എ.ഇ.ആർ), വിഭാ ഭല്ല (ജോയിന്റ് സെക്രട്ടറി, തൊഴിൽമന്ത്രാലയം), എച്ച്. ശ്രീനിവാസ് (ഡയറക്ടർ ജനറൽ, വി.വി. ഗിരി നാഷണൽ ലേബർ ഇൻസ്റ്റിറ്റ്യൂട്ട്) എന്നിവരാണു മറ്റ് സമിതിയംഗങ്ങൾ.

കോവിഡ് പ്രതിസന്ധി; വായ്പകൾക്ക് ഡിസം. 31വരെ മൊറട്ടോറിയം വേണം: കേന്ദ്രത്തോട് കേരളം

● സ്വന്തം ലേഖകൻ
തിരുവനന്തപുരം

കോവിഡ് മഹാമാരി സമസ്ത മേഖലകളെയും പൂർണമായും തകർത്ത സാഹചര്യത്തിൽ വായ്പകൾക്ക് ഈ വർഷം ഡിസംബർ 31 വരെ പിഴയും പിഴപ്പലിശയുമില്ലാതെ മൊറട്ടോറിയം അനുവദിക്കണമെന്ന ആവശ്യവുമായി സംസ്ഥാന സർക്കാർ. 2018 മുതൽ ആകെ തകർന്നിരിക്കുന്ന കേരളത്തിന്റെ സമ്പദ്ഘടനയിൽ കോവിഡ് അതിരൂക്ഷമായ പ്രതിസന്ധികളാണ് സൃഷ്ടിച്ചിരിക്കുന്നതെന്നും മന്ത്രി കെ.എൻ. ബാലഗോപാൽ കേന്ദ്ര ധനമന്ത്രി നിർമല സീതാരാമന് അയച്ച കത്തിൽ ചൂണ്ടിക്കാട്ടി.

കോവിഡിന്റെ രണ്ടാമത്തെ തരംഗം മൂലമുള്ള ലോക്ക്ഡൗൺ സാമ്പത്തിക- സാമൂഹിക രംഗങ്ങളെ പ്രതികൂലമായി ബാധിച്ചു. അനൗപചാരികമേഖല, കൃഷി, ടൂറിസം, ഹോസ്പിറ്റാലിറ്റി, എം.എസ്.എം.ഇ തുടങ്ങിയവയിലെ തൊഴിലാളികൾ, ദുർബല വിഭാഗങ്ങൾ എന്നിവർ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സാധ്യമായ എല്ലാ നടപടികളും സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

എന്നിരുന്നാലും, വ്യക്തികൾ എടുത്ത വായ്പകൾ, പ്രത്യേകിച്ച് അസംഘടിത മേഖല, സൂക്ഷ്മ ഇടത്തരം ചെറുകിട സംരംഭങ്ങൾ (എം.എസ്.എം.ഇ) കൃഷിക്കാർ എന്നിവർ അവയുടെ തിരിച്ചടവിൽ വല്ലാത്ത ബുദ്ധിമുട്ട് നേരിടുകയാണ്. ആ സാഹചര്യത്തിൽ അവർക്ക് ഈ വർഷം ഡിസംബർ 31 വരെ മൊറട്ടോറിയത്തിന്റെ രൂപത്തിലെങ്കിലും ആശ്വാസം നൽകണമെന്നും അദ്ദേഹം കത്തിൽ ആവശ്യപ്പെട്ടു.

നാട്ടുവർത്തമാനം

വാർത്തിക-വാർത്ത വായന മഹോത്സവമൊരുക്കി വിദ്യാരംഗം കലാ സാഹിത്യ വേദി

കൊച്ചി: കോവിഡ് വ്യാപനം കുട്ടികളുടെ രണ്ടാം സ്കൂൾ വർഷവും കവർന്നെടുത്തപ്പോൾ, കുട്ടികളുടെ സർഗശേഷിയും സാങ്കേതിക ശേഷിയും തിരിച്ചറിയാനും പ്രോത്സാഹിപ്പിക്കാനുമുള്ള വേദിയായി വിദ്യാരംഗം കലാ സാഹിത്യ വേദി, എറണാകുളം ജില്ല ഒരുക്കിയ വാർത്തിക-വാർത്ത വായന മഹോത്സവം. എറണാകുളം ജില്ലയിലെ പതിനാല് ഉപജില്ലയിലും വിദ്യാരംഗം കലാ സാഹിത്യ വേദി കോ-ഓർഡിനേറ്റർമാരുടെ നേതൃത്വത്തിൽ ഉപജില്ലാ മത്സരം സംഘടിപ്പിക്കുകയും ഓരോ ജില്ലയിലെ മികച്ച വാർത്ത വായനകൾ കോർത്തിണക്കി വാർത്തിക രൂപപ്പെടുത്തുകയുമായിരുന്നു. വിദ്യാഭ്യാസ മന്ത്രി, വി.ശിവൻകുട്ടി, എം.ടി.വാസുദേവൻ നായർ, മാധ്യമപ്രവർത്തകൻ ആർ.ശ്രീകണ്ഠൻ നായർ, എറണാകുളം ജില്ല വിദ്യാഭ്യാസ ഉപഡയറക്ടർ ഹണി.ജി.അലക്സാണ്ടർ, വിദ്യാരംഗം എഡിറ്റർ ടി.കെ.എ. ഷാഫി എന്നിവർ വാർത്തികയ്ക്ക് ആശംസകളർപ്പിച്ചു. വാർത്തിക എന്ന ഈ ദൃശ്യവിരുന്നിന്റെ സർഗാത്മക സഹായം പി.വി.എൽദോസും. സാങ്കേതിക സഹായങ്ങൾ ജീബ പൗലോസ്, രാജി.പി.എസ് എന്നിവരും. എഡിറ്റിംഗ് സി.എസ് വിഷ്ണു രാജും നിർവഹിച്ചു. വിദ്യാരംഗം ജില്ലാതലത്തിൽ സംഘടിപ്പിച്ച വാർത്ത വായനമത്സരത്തിൽ വെണ്ണല ഗവ.ഹൈസ്കൂളിലെ പത്താം ക്ലാസ് വിദ്യാർഥിനി സുപ്രിയ സുബീഷ് ഒന്നാംസ്ഥാനവും കടയിരുപ്പ് ഗവ.ഹയർ സെക്കണ്ടറി സ്കൂളിലെ ഒൻപതാം ക്ലാസ് വിദ്യാർഥിനി ,പാർവതി അനിൽ രണ്ടാംസ്ഥാനവും തോട്ടയ്ക്കാട്ടുകര ഹോളി ഗോസ്റ്റ് ഹൈസ്കൂളിലെ പത്താംക്ലാസ് വിദ്യാർഥിനി അനീറ്റ ജോൺസൺ മൂന്നാംസ്ഥാനവും നേടി. വാർത്തിക എന്ന ഈ നൂതന സംരംഭത്തിന്റെ സംവിധാനം നിർവഹിച്ചത് വിദ്യാരംഗം കലാ സാഹിത്യ വേദി ,എറണാകുളം ജില്ലാ കോ-ഓർഡിനേറ്റർ സിംല കാസിം ആണ്.

കോവിഡ്: ജില്ലയിൽ ഒഴിവുള്ളത് 3988 കിടക്കകൾ

കൊച്ചി: കോവിഡ് ചികിത്സയ്ക്കായി ജില്ലയിൽ ഒഴിവുള്ളത് 3988 കിടക്കകൾ. കോവിഡ് രോഗികളുടെ ചികിത്സയ്ക്കായി ജില്ലയിൽ വിവിധ വിഭാഗങ്ങളിലായി തയ്യാറാക്കിയ 6260 കിടക്കകളിൽ 2272 പേർ നിലവിൽ ചികിത്സയിലുണ്ട്.

രോഗം സ്ഥിരീകരിച്ച് വീടുകളിൽ നിരീക്ഷണത്തിൽ കഴിയാൻ സാധിക്കാത്തവർക്കായി തയ്യാറാക്കിയ ഡൊമിസിലറി കെയർ സെന്ററുകളിലായി 3138 കിടക്കകൾ സജ്ജമാക്കിയിട്ടുണ്ട്. ഇവിടങ്ങളിൽ 1054 പേർ ചികിത്സയിലുണ്ട്. ജില്ലയിൽ ഇതുവരെ ഇത്തരം 76 കേന്ദ്രങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. ഇവിടങ്ങളിൽ 2084 കിടക്കകൾ ഒഴിവുണ്ട്. ജില്ലയിൽ ബി.പി.സി.എൽ, ടി.സി.എസ് എന്നീ സ്ഥാപനങ്ങൾ അവരുടെ ജീവനക്കാർക്കായി കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകളിൽ 54 കിടക്കകൾ സജ്ജമാക്കിയിട്ടുണ്ട്. ഇവിടെ 3 പേർ ചികിത്സയിലുണ്ട്.

ആരോഗ്യ വിഭാഗത്തിന്റെ നേതൃത്വത്തിൽ 13 കേന്ദ്രങ്ങളിലായി സജ്ജമാക്കിയ കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകളിൽ 947 കിടക്കകൾ സജ്ജമാക്കി. ഇവിടങ്ങളിൽ 460 പേർ ചികിത്സയിലുണ്ട്. ജില്ലയിൽ 487 കിടക്കൾ വിവിധ ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകളിലായി ലഭ്യമാണ്. ആരോഗ്യ വിഭാഗത്തിന്റെ നേതൃത്വത്തിൽ 15 കേന്ദ്രങ്ങളിലായി സജ്ജമാക്കിയ കോവിഡ് സെക്കൻറ് ലൈൻ ട്രീറ്റ്മെൻറ് സെന്ററുകളിൽ 777 കിടക്കൾ സജ്ജമാക്കി. ഇവിടങ്ങളിൽ 269 പേർ ചികിത്സയിലാണ്. ജില്ലയിൽ 508 കിടക്കൾ വിവിധ സെക്കൻറ് ലൈൻ ട്രീറ്റ്മെൻറ് സെന്ററുകളിലായി ലഭ്യമാണ്.കോവിഡ് ചികിത്സാരംഗത്തുള്ള മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള 18 സർക്കാർ ആശുപത്രികളിലായി 1344 കിടക്കൾ സജ്ജമാണ്. ഇവിടങ്ങളിൽ നിലവിൽ 486 പേർ ചികിത്സയിലാണ്. കോവിഡ് രോഗതീവ്രതയുള്ളവരെ ചികിത്സിക്കാൻ കഴിയുന്ന ജില്ലയിലെ വിവിധ ആശുപത്രികളിലായി 858 കിടക്കകളും ലഭ്യമാണ്.

● വെബിനാർ നടത്തി

ഉദയംപേരൂർ സൂനഹദോസ്: കേരള ചരിത്രകാരന്മാർ ഗൗരവത്തോടെ കണ്ടില്ലെന്ന് കണ്ണൂർ രൂപത മെത്രാൻ

കൊച്ചി: നൂറ്റാണ്ടുകൾക്കു മുമ്പ് നടന്ന ഉദയംപേരൂർ സൂനഹദോസ് മുന്നോട്ടുവെച്ച മഹത്തായ സാമൂഹിക പരിഷ്കരണാശയങ്ങൾ വേണ്ടത്ര ഗൗരവത്തോടെ കാണുന്നതിനും ഗവേഷണ വിധേയമാക്കുന്നതിലും കേരള ചരിത്രകാരന്മാർ എന്തുകൊണ്ട് താത്പര്യം കാണിച്ചില്ലെന്നത് ഒരു പ്രഹേളികയായി നിലനിൽക്കുകയാണെന്ന് കണ്ണൂർ രൂപത മെത്രാൻ ഡോ. അലക്സ് വടക്കുംതല അഭിപ്രായപ്പെട്ടു.

പൈതൃക ചരിത്ര സാംസ്കാരികവേദി സംഘടിപ്പിച്ച ഉദയംപേരൂർ സൂനഹദോസ്; മലയാണ്മയുടെ സാമൂഹിക പരിഷ്കരണത്തിന്റെ ആധാരശില എന്ന വെബിനാർ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ക്രൈസ്തവർക്കിടയിൽ മാത്രമാണ് ഉദയംപേരൂർ സൂനഹദോസ് സാമൂഹിക നവോത്ഥാന പരിശ്രമങ്ങൾ നടപ്പിലാക്കിയതെങ്കിലും അന്ന് കേരളത്തിൽ നിലനിന്നിരുന്ന നിരവധിയായ അനാചാരങ്ങൾക്കെതിരെ ഉയർന്ന ആദ്യ നടപടിയെന്ന നിലയിൽ ചരിത്രത്താളുകളിൽ സുവർണ്ണലിപികളിൽ ചേർക്കപ്പെടേണ്ടതായിരുന്നു 1599ൽ നടന്ന സൂനഹദോസും അതിന്റെ ഉപജ്ഞാതാവായ ആർച്ചു ബിഷപ്പ് അലക്സിസ് മെനേസിസ് മെത്രാപ്പോലീത്തയുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ഒരു പോർച്ചുഗീസ് അധിവേശമെന്ന നിലയിൽ മാത്രം സൂനഹദോസിന്റെ നടപടികളെ കാണാൻ ശ്രമിച്ച ചരിത്രകാരന്മാർ അതിന്റെ നല്ല വശങ്ങളെ അറിഞ്ഞോ അറിയാതെയോ മൂടിവെക്കുകയായിരുന്നുവെന്നും പുതിയ തലമുറയിലെ ചരിത്രകാരന്മാരെങ്കിലും അത്തരമൊരു പുനർവായനയ്ക്ക് പരിശ്രമിക്കണമെന്നും ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തിയ പ്രഫ.ഡോ.കുര്യാസ് കുമ്പളക്കുഴി ആവശ്യപ്പെട്ടു.

പൈതൃക പ്രസിഡൻറ് ഫെലിക്സ് ജെ പുല്ലൂടൻ മോഡറേറ്ററായിരുന്ന വെബിനാറിൽ മോൺ. വിൻസൻറ് അറക്കൽ, പി.ജെ.ജെ ആന്റണി, ഡോ.വിക്ടർ ജോർജ്, ഡോ.മേരിദാസ് കല്ലൂർ, ഡോ.ഗ്രിഗറി പോൾ, സി.എസ് ജോസഫ് എന്നിവർ പ്രസംഗിച്ചു. മോൺസിഞ്ഞോർ മാത്യു ഇലഞ്ഞിമറ്റം, മോൺസിഞ്ഞോർ ജോസ് പടിയാരം പറമ്പിൽ, പ്രഫ.ഇഗ്നേഷ്യസ് ഗൊൺസാൽവസ് തുടങ്ങിയവർ വെബിനാറിൽ പങ്കാളികളായി.

ഷൈസൺ മാങ്ങഴ സംസ്ഥാന ജനറൽ സെക്രട്ടറി

■ ഷൈസൺ

മൂവാറ്റുപുഴ: കേരളാ കോൺഗ്രസ് സംസ്ഥാന ജനറൽ സെക്രട്ടറിയായി അഡ്വ. ഷൈസൺ മാങ്ങഴയെ (മൂവാറ്റുപുഴ) തെരഞ്ഞെടുത്തു. മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത് പ്രഥമ പ്രസിഡന്റ് ആയിരുന്നു. കെ.എസ്.സി. യിലൂടെ രാഷ്ട്രീയ പ്രവർത്തനം ആരംഭിച്ചു.

കെ.എസ്.സി. ജില്ലാ പ്രസിഡന്റ്, സംസ്ഥാന ജനറൽ സെക്രട്ടറി, യൂത്ത് ഫ്രണ്ട് ജില്ലാ പ്രസിഡന്റ്, സംസ്ഥാന ജനറൽ സെക്രട്ടറി തുടങ്ങിയ നിലകളിൽ പ്രവർത്തിച്ചു. കേരള ഹൈകോടതിയിൽ അഭിഭാഷകനായ ഷൈസൺ ദീർഘകാലം ഹൈക്കോടതിയിലെ സീനിയർ ഗവൺമെന്റ് പ്ലീഡറായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. നിലവിൽ പാർട്ടി സംസ്ഥാന സ്റ്റീയറിങ് കമ്മിറ്റി അംഗമാണ്.

യു.ഡി.എഫ് ജില്ലാ നേതൃയോഗം

കൊച്ചി: യു.ഡി.എഫ് ജില്ലാ നേതൃയോഗം നാളെ 3ന് ഡി.സി.സി ഓഫീസിൽ ചേരുമെന്ന് ജില്ലാ ചെയർമാൻ ഡോമിനിക് പ്രസന്റേഷൻ അറിയിച്ചു. ഓരോ നിയോജക മണ്ഡലത്തിലെയും യു.ഡി.എഫ് ചെയർമാനും കൺവീനറും യു.ഡി.എഫ് നേതാക്കളും പങ്കെടുക്കും.

ഡൊമിനിക് കാവുങ്കൽ കേരള കോൺ. സംസ്ഥാന ജനറൽ സെക്രട്ടറി

■ ഡൊമിനിക് കാവുങ്കൽ

ആലുവ: കേരള കോൺഗ്രസ് സംസ്ഥാന ജനറൽ സെക്രട്ടറിയായി ഡൊമിനിക് കാവുങ്കലിനെ (ആലുവ) പാർട്ടി ചെയർമാൻ പി.ജെ. ജോസഫ് എം.എൽ.എ നാമനിർദ്ദേശം ചെയ്തു. കേരള യൂത്ത് ഫ്രണ്ട് ആലുവ നിയോജക മണ്ഡലം സെക്രട്ടറി, എറണാകുളം ജില്ലാ സെക്രട്ടറി, യുത്ത് ഫ്രണ്ട് സംസ്ഥാന ജനറൽ സെക്രട്ടറി, കേരള കോൺഗ്രസ് ജില്ലാ ജനറൽ സെക്രട്ടി, വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത് അംഗം തുടങ്ങിയ നിലയിൽ പ്രവത്തിച്ചിട്ടുണ്ട്. നിലവിൽ കേരള കോൺഗ്രസ് സംസ്ഥാന സ്റ്റീയറിംഗ് കമ്മറ്റി അംഗം, യു.ഡി.എഫ് ആലുവ നിയോജക മണ്ഡലം സെക്രട്ടറി, എറണാകുളം – അങ്കമാലി അതിരൂപതാ പാസ്റ്ററൽ കൗൺസിൽ അംഗവുമാണ്.

1557 പേർക്ക് കോവിഡ്

കൊച്ചി: എറണാകുളം ജില്ലയിൽ ഇന്നലെ 1557 പേർക്ക് കോവിഡ് സ്ഥിരീകരിച്ചു. 10.58 ശതമാനമാണ് ഇന്നലത്തെ ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക്. ഇന്നലെ രോഗം സ്ഥിരീകരിച്ചവരിൽ 1512 പേർക്കും രോഗം പിടിപെട്ടത് സമ്പർക്കത്തിലൂടെ. 18 പേരുടെ രോഗത്തിന്റെ ഉറവിടം വ്യക്തമല്ല. ആറ് ആരോഗ്യപ്രവർത്തകർക്ക് സമ്പർക്കത്തിലൂടെ രോഗം പിടിപെട്ടു.

ഇന്നലെ രോഗം സ്ഥിരീകരിച്ചവരിൽ 21 പേർ വിദേശം, ഇതര സംസ്ഥാനം എന്നിവിടങ്ങളിൽ നിന്നും എത്തിയവരാണ്.

ഇന്നലെ 1010 പേർ രോഗമുക്തി നേടി. 1921 പേരെ ജില്ലയിൽ പുതിയതായി വീടുകളിൽ നിരീക്ഷണത്തിലാക്കി. നിരീക്ഷണ കാലയളവ് അവസാനിച്ച 1909 പേരെ നിരീക്ഷണപട്ടികയിൽ നിന്നും ഒഴിവാക്കി. വീടുകളിൽ നിരീക്ഷണത്തിൽ ഉള്ളവരുടെ ആകെ എണ്ണം 38736 ആണ്. ഇന്നലെ 91 പേരെ ആശുപത്രിയിലും എഫ്എൽറ്റിസിയിലുമായി പ്രവേശിപ്പിച്ചു. വിവിധ ആശുപ്രതികളിലും എഫ്എൽറ്റിസികളിൽ നിന്ന് 215 പേരെ ഇന്നലെ ഡിസ്ചാർജ് ചെയ്തു. 13839 പേരാണ് ജില്ലയിൽ കോവിഡ് സ്ഥിരീകരിച്ച് ചികിൽസയിൽ കഴിയുന്നത്. കളമശ്ശേരി മെഡിക്കൽ കോളജ്–108, പിവിഎസ്–19, ജിഎച്ച് മൂവാറ്റുപുഴ–32, ജിഎച്ച് എറണാകുളം–63, ഡിഎച്ച് ആലുവ–38, പള്ളുരുത്തി താലൂക്ക് ആശുപത്രി–26, തൃപ്പൂണിത്തുറ താലൂക്ക് ആശുപത്രി–28, പറവൂർ താലൂക്ക് ആശുപത്രി–20, ഫോർട്ട് കൊച്ചി താലൂക്ക് ആശുപത്രി–29, പെരുമ്പാവൂർ താലൂക്ക് ആശുപത്രി–36, കോതമംഗലം താലൂക്ക് ആശുപത്രി–20, കരുവേലിപ്പടി താലൂക്ക് ആശുപത്രി–6, അങ്കമാലി താലൂക്ക് ആശുപത്രി –22, പിറവം താലൂക്ക് ആശുപത്രി–14, പുത്തൻവേലിക്കര താലൂക്ക് ആശുപത്രി–7, സഞ്ജീവനി–18, സ്വകാര്യ ആശുപത്രികൾ–1044, എഫ്എൽറ്റിസികൾ –463, എസ്എൽറ്റിസികൾ–269, ഡോമിസിലറി കെയർ സെന്റർ–1054, വീടുകൾ–8966 എന്നിങ്ങനെയാണ് ചികിൽസയിൽ കഴിയുന്നത്. ഇന്നലെ ജില്ലയിൽ നിന്നും കോവിഡ് പരിശോധനയുടെ ഭാഗമായി സർക്കാർ സ്വകാര്യ മേഖലകളിൽ നിന്നായി 14710 സാമ്പിളുകൾ അയച്ചു. പള്ളിപ്പുറം–59, തൃക്കാക്കര–51, പള്ളുരുത്തി–51, കളമശ്ശേരി–42, ആലങ്ങാട്–41, ഞാറക്കൽ–35, ഫോർട്ട്കൊച്ചി–35, കരുമാലൂർ –31, എളംകുന്നപ്പുഴ–31, കുമ്പളങ്ങി–30, കടുങ്ങല്ലൂർ–29, ചെല്ലാനം–29, ഇടക്കൊച്ചി–26, കുന്നത്തുനാട്–24, കുഴിപ്പള്ളി–23, നോർത്തുപറവൂർ–23, വൈറ്റില –23, ചേന്ദമംഗലം–22, എടത്തല –21, ഏലൂർ–21, ഐക്കാരനാട്–21, ഒക്കൽ–21, തൃപ്പൂണിത്തുറ–20, നെല്ലിക്കുഴി– 20, കറുകുറ്റി–19, മരട്–18, ശ്രീമൂലനഗരം–18, ചേരാനല്ലൂർ–17, പായിപ്ര–17, പെരുമ്പടപ്പ്–17,വടുതല–17, വാഴക്കുളം–17, കിഴക്കമ്പലം–16, തേവര–16, വാരപ്പെട്ടി–16, ചൂർണ്ണിക്കര–15, വടവുകോട്–15, അങ്കമാലി–14, കടവന്ത്ര–14,കൂവപ്പടി–14,കോട്ടപ്പടി–14, കോതമംഗലം–14, തോപ്പുംപടി–14, പുത്തൻവേലിക്കര–14, പെരുമ്പാവൂർ –14, മട്ടാഞ്ചേരി– 14,മുളന്തുരുത്തി–14, വരാപ്പുഴ–13, ആലുവ–12, എളമക്കര–12, കുന്നുകര –12, നായരമ്പലം– 12, നെടുമ്പാശ്ശേരി–12, പൂതൃക്ക–12, ആവോലി–11, ഉദയംപേരൂർ–11, കീഴ്മാട്–11, മലയാറ്റൂർ നീലീശ്വരം–11, രാമമംഗലം–11, രായമംഗലം–11, വെണ്ണല–11, കുമ്പളം–10, തമ്മനം–10,മുണ്ടംവേലി –10, എറണാകുളം സൗത്ത്–9, കാഞ്ഞൂർ –9, കീരംപാറ–9, പാറക്കടവ്–9, മുളവുകാട്–9, ഇടപ്പള്ളി–8, എടവനക്കാട്–8, കലൂർ–8, കാലടി–8,അശമന്നൂർ–7,തുറവൂർ –7,വടക്കേക്കര–7,വാളകം–7, കോട്ടുവള്ളി–6, ചോറ്റാനിക്കര–6, മൂക്കന്നൂർ–6, കുട്ടമ്പുഴ–5, തിരുവാണിയൂർ –5, പനയപ്പിള്ളി–5, പിറവം–5, വെങ്ങോല–5, ഇതര സംസ്ഥാന തൊഴിലാളി–11 എന്നിങ്ങനെ ഇന്നലെ രോഗം സ്ഥിരീകരിച്ചു.

കൂടാതെ ഇലഞ്ഞി, കവളങ്ങാട്, ചളിക്കവട്ടം, പച്ചാളം, പാമ്പാകുട, പാലാരിവട്ടം, പൈങ്ങോട്ടൂർ, പോണേക്കര, മഞ്ഞള്ളൂർ, മുടക്കുഴ, മൂവാറ്റുപുഴ, കരുവേലിപ്പടി, ചക്കരപ്പറമ്പ്, പിണ്ടിമന, മാറാടി, അയ്യപ്പൻകാവ്, ആയവന, എടക്കാട്ടുവയൽ, ഏഴിക്കര, കടമക്കുടി, ചിറ്റാറ്റുകര, ചെങ്ങമനാട്, പൂണിത്തുറ, മണീട്, അയ്യമ്പുഴ, ആമ്പല്ലൂർ, ആരക്കുഴ, എറണാകുളം നോർത്ത്, എളംകുളം, കൂത്താട്ടുകുളം,തിരുമാറാടി, പല്ലാരിമംഗലം, പാലക്കുഴ, മഴുവന്നൂർ എന്നിവിടങ്ങളിൽ ഇന്നലെ അഞ്ചിൽ താഴെ കോവിഡ് പോസിറ്റീവ് കേസുകൾ റിപ്പോർട്ട് ചെയ്തു.